# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3841 11/11/2019-ൽ മറുപടിക്ക്

## കാൻസർ ചികിത്സ രംഗത്തെ വ്യാജന്മാർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.ബി.ഗണേഷ് കുമാർ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) | കാൻസർ ചികിത്സ രംഗത്ത് ചില വ്യാജ ചികിത്സകരുടെ കടന്നുവരവ് സൃഷ്ടിക്കുന്ന ഗുരുതരമായ സാമൂഹ്യ വിപത്തിനെ സംബന്ധിച്ച് സമീപകാലത്ത് ഉയർന്ന ആശങ്കകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച പ്രായോഗിക നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | എ) | കാൻസർ ചികിത്സാ രംഗത്ത് വ്യാജ ചികിത്സകന്മാരും അശാസ്ത്രീയ ചികിത്സാ സമ്പ്രദായങ്ങളും , വ്യാജ ചികിത്സാ സന്ദേശങ്ങളും കടന്നു വരുന്നു എന്നുള്ളത് ഗൗരവതരമായ വിഷയമാണ്. ഈ രോഗത്തെക്കുറിച്ചുള്ള ഭയവും അജ്ഞതയും, ഉടൻ പ്രതിവിധി ഉറപ്പ് നൽകുന്ന വ്യാജ ചികിത്സകരുടെ വാഗ്ദാനങ്ങൾ കൊണ്ട് രോഗികൾ അകപ്പെടുന്നുവെന്നുള്ളതാണ് ഏറ്റവും ഗൗരവതരമായ വിഷയം. ഇങ്ങനെയുള്ള വ്യാജന്മാർക്കെതിരെയും, വ്യാജ ചികിത്സാ സംവിധാനങ്ങൾക്കെതിരെയും ശക്തമായ ഇടപെടലാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. വ്യാജ വൈദ്യൻമാർക്കെതിരെയും വ്യാജ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെയും നിയമ വ്യവസ്ഥയിലൂടെ നേരിടുന്നതിനുള്ള ശക്തമായ നിർദ്ദേശം സർക്കാർ നൽകിയിട്ടുള്ളതാണ്. ചികിത്സാ കേന്ദ്രങ്ങളിലെ റെയ്ഡുകൾ, സർട്ടിഫിക്കറ്റ് പരിശോധനകൾ, നിയമാനുസൃത മാനദണ്ഡങ്ങളുടെ പാലനം തുടങ്ങിയ നടപടികൾ ശക്തിപ്പെടുത്തുകയും നിയമ ലംഘകരെ നിയമത്തിനു മുമ്പിൽ കൊണ്ടു വരികയും ചെയ്തിട്ടുണ്ട്. |
| ബി) | രോഗ പ്രതിരോധവും ചികിത്സാ മാർഗ്ഗങ്ങളും സംബന്ധിച്ച വ്യക്തമായ അറിവും ധാരണയുമില്ലാത്ത ഗ്രാമീണ മേഖലയിലെ ജനങ്ങൾക്കിടയിൽ ഫലപ്രദമായ ബോധവത്കരണവും പാലിയേറ്റീവ് പ്രവർത്തനങ്ങളും നടത്തുന്ന സാമൂഹ്യ-കാരുണ്യ സംഘടനകൾക്ക് പ്രോത്സാഹനവും പിന്തുണയും നൽകുവാൻ പദ്ധതികളുണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കുമോ? | ബി) | ദീർഘകാല രോഗങ്ങൾ ബാധിച്ച ജന വിഭാഗത്തിന് സാന്ത്വനമേകുവാനും, ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതി സുസജ്ജമാണ്. ഓരോ രോഗത്തെക്കുറിച്ചുമുള്ള അറിവ് വർദ്ധിപ്പിക്കുന്നതിനും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ഉതകുന്ന ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് ജീവനക്കാർ വഴി ജനങ്ങളിൽ എത്തിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങളിൽ സന്നദ്ധസംഘടനകളുടെയും യുവജന പ്രസ്ഥാനങ്ങളുടെയും, സ്വയം സഹായ സംഘങ്ങളുടെയുമൊക്കെ സഹായവും പിന്തുണയും തേടാറുണ്ട്. ഇത്തരം സംഘടനകളെയെല്ലാം |

| | | | |
|---|---|---|---|
| | | | കോർത്തിണക്കിക്കൊണ്ട് ഒരു വേദിയിൽ അണിനിരക്കുന്നതിനുള്ള പുതിയ പദ്ധതിയായ 'അരികെ' സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ